# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2815 | 20.07.2011 -ൽ മറുപടിയ്ക്ക് |
| --- | --- |

ഡിഫറന്റ്ലി ഏബിൾഡ് വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. അബ്ദുസ്സമദ് സമദാനി എം.പി.<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. സി. മോയിൻകുട്ടി | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ളവരുടെ ക്ഷേമ പ്രവർത്തനത്തിന്റെ ഏകോപനത്തിനും നടപ്പാക്കലിനും നിലവിലുള്ള സംവിധാനം ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ളവരുടെ ക്ഷേമ പ്രവർത്തനങ്ങളായി സംസ്ഥാനതലത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് വഴിയും ജില്ലാ തലത്തിൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസുകൾ, മറ്റ് ക്ഷേമ സ്ഥാപനങ്ങൾ എന്നിവ വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1995 ലെ വികലാംഗ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന്റെ മോണിറ്ററിംഗിനായി വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റും സ്ഥാപിതമായിട്ടുണ്ട്.<br>അന്ധ അഭിഭാഷകർക്കുള്ള ധനസഹായം, വികലാംഗർക്കുള്ള സ്ഥാപനങ്ങൾക്കുള്ള പി.ഡബ്ള്യൂ.ഡി. രജിസ്ട്രേഷൻ, കാരുണ്യ നിക്ഷേപ പദ്ധതി തുടങ്ങിയവ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ് വഴിയും സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോഴ്സ്, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ഇൻറർവ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്കുള്ള യാത്രാ ബത്ത, എൻ.ജി.ഒ. നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഗ്രാന്റ്, വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും നിർമ്മിക്കുന്നതിനുമുള്ള സഹായം മുതലായവ ജില്ലാ സാമൂഹ്യക്ഷേമ വകുപ്പ് വഴിയും നടപ്പാക്കി വരുന്നു. കൂടാതെ ആശ്വാസ കിരണം പദ്ധതി, വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ്, മെഡിക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യൽ തുടങ്ങിയ സാമൂഹ്യക്ഷേമ വകുപ്പിന് വേണ്ടി സുരക്ഷാ മിഷൻ വഴി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടും വികലാംഗർക്കു വേണ്ടിയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി | അവർക്കുള്ള ആനുകൂല്യവിതരണം ലക്ഷ്യമിട്ട് നടപ്പാക്കിയ തിരിച്ചറിയൽ കാർഡിന്റെ വിതരണം പൂർത്തിയായിട്ടുണ്ടോ; | ബി | 2009-10, 2010-11 എന്നീ വർഷങ്ങളിലായി ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ള 3.5 ലക്ഷം പേർക്ക് തിരിച്ചറിയൽ കാർഡ് കേരള സുരക്ഷാ മിഷൻ വഴി വിതരണം ചെയ്തു. 2011-12 വർഷത്തിൽ ബാക്കിയുള്ള അർഹരായവർക്ക് കൂടി തിരിച്ചറിയൽ കാർഡ് KSSM വഴി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി | ആനുകൂല്യങ്ങൾക്ക് അർഹമായ ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ളവരുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ അർഹരായ എത്രപേരെ കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി | കൃത്യമായ കണക്കുകൾ ലഭ്യമല്ല. |
| ഡി | ഇവർക്ക് സർക്കാരിൽ നിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നതിന്റെ വിശദ വിവരം നൽകാമോ; | ഡി | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഇ | നടപ്പുവർഷം എന്തു തുകയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളതെന്നതിന്റെ കണക്ക് നൽകാമോ? | ഇ | വിവിധ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം ആകെ 15,13,19,000/- രൂപ നീക്കിവച്ചിട്ടുണ്ട്. |

Mary Melanie Reb

സെക്ഷൻ ഓഫീസർ

ഡി (1) <u>വികലാംഗ സ്കോളര്‍ഷിപ്പ്</u>

കുടുംബ വാര്‍ഷിക വരുമാനം 36,000/- രൂപയില്‍ താഴെയുള്ളവരും മുന്‍വര്‍ഷ പരീക്ഷയില്‍ 40% മാര്‍ക്കെങ്കിലും നേടിയവരുമായ സ്കൂള്‍, കോളേജ്, പ്രൊഫഷണല്‍ കോഴ്സ്, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ മേഖലയിലുള്ള വിദ്യാര്‍ത്ഥികള്‍ക്ക് വ്യത്യസ്ത നിരക്കില്‍ സ്കോളര്‍ഷിപ്പ് നല്കി വരുന്നു.

(2) <u>അന്ധ അഭിഭാഷകര്‍ക്കുള്ള ധനസഹായം.</u>

വാര്‍ഷിക വരുമാനം 18,000/- രൂപയില്‍ അധികരിക്കാത്ത അന്ധ/അംഗ വൈകല്യമുള്ള അഡ്വക്കേറ്റുമാര്‍ക്ക് പ്രൊഫഷണല്‍ സ്യൂട്ട്, പുസ്തകങ്ങള്‍ എന്നിവ വാങ്ങുന്നതിന് നോണ്‍ റെക്കറിംഗ് ഗ്രാന്റായി 2500/- രൂപയും പരമാവധി അഞ്ച് വര്‍ഷത്തേയ്ക്ക് റീഡേഴ്സ് അലവന്‍സായി പ്രതിമാസം 1,000/- രൂപയും നല്കി വരുന്നു.

(3) <u>ഇന്റര്‍വ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗര്‍ക്കുള്ള യാത്രാ ബത്ത.</u>

കുടുംബ വാര്‍ഷിക വരുമാനം 10,000/- രൂപയില്‍ കവിയാത്ത വികലാംഗരായ ഉദ്യോഗാര്‍ത്ഥികള്‍ എഴുത്തു പരീക്ഷയ്ക്കും ഇന്റര്‍വ്യൂവിനും പങ്കെടുക്കുവാന്‍ പോകുന്നതിന് റ്റി.എ./ടി.എ. എന്നിവ വകുപ്പ് അനുവദിച്ചു വരുന്നു.

(4) <u>NGO നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികള്‍ക്ക് നല്കേണ്ട ഗ്രാന്റ്.</u>

സന്നദ്ധ സംഘടനകള്‍ നടത്തുന്ന വികലാംഗരുടെ പുനരധിവാസ ത്തിനും ക്ഷേമത്തിനുമായി പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിന് ധനസഹായം വകുപ്പിലൂടെ നല്കി വരുന്നു. ഒരു അന്തേവാസിയ്ക്ക് പ്രതിമാസം 200/- രൂപ ധനസഹായം അനുവദിച്ചു വരുന്നു.

(5) <u>വികലാംഗര്‍ക്കായുള്ള സ്ഥാപനങ്ങള്‍ക്കുള്ള പി.ഡബ്ള്യു.ഡി രജിസ്ട്രേഷന്‍.</u>

വികലാംഗരായ വ്യക്തികള്‍ക്ക് വേണ്ടി പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങള്‍ക്ക് 1995 ലെ (The persons with Disabilities (Equal opportunities, Protection of Right and full participation) Act ലെ 52- ാം സെക്ഷന് പ്രകാരം വകുപ്പ് രജിസ്ട്രേഷന്‍ നല്കി വരുന്നു.

(6) <u>ആശ്വാസ കിരണം (തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാല്‍ വീട്ടിനുള്ളില്‍ തന്നെ കഴിയേണ്ടി വരുന്നവര്‍ക്കുള്ള ധനസഹായം)</u>

ശാരീരിക മാനസിക വൈകല്യങ്ങള്‍ മൂലം ശയ്യാവലംബരായവര്‍ക്കും അവരുടെ സംരക്ഷണ ചുമതല ഏറ്റെടുത്തിട്ടുള്ളവര്‍ക്കും പ്രതിമാസം 300/- രൂപ നിരക്കില്‍ ധനസഹായം നല്കി വരുന്നു. കേരളാ സാമൂഹ്യ സുരക്ഷാമിഷന്‍ വഴി നടപ്പിലാക്കുന്നു.

(7) <u>കാരുണ്യ നിക്ഷേപ പദ്ധതി.</u>

പ്രവാസി ഇന്ത്യക്കാര്‍ അടക്കമുള്ളവരില്‍ നിന്നും ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ ഉള്ള ട്രഷറി നിക്ഷേപങ്ങള്‍ സ്വീകരിച്ച് നിക്ഷേപത്തിന്റെ പലിശയും സര്‍ക്കാരിന്റെ ഇന്‍സന്റീവും ഉപയോഗിച്ച് സര്‍ക്കാര്‍ വക HMDC/ ഓര്‍ഫനേജുകള്‍/സ്പെഷ്യല്‍ സ്കൂളിലെ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികള്‍ക്ക് സാമ്പത്തിക സഹായം നല്കുന്നു.

(8) <u>വികലാംഗ തിരിച്ചറിയല്‍ കാര്‍ഡ്</u>

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന സ്ഥാപനങ്ങളിലെ മുഴുവന്‍ പേര്‍ക്കും സാമൂഹ്യ സുരക്ഷാമിഷനുമായി ചേര്‍ന്ന് വികലാംഗ തിരിച്ചറിയല്‍ കാര്‍ഡും സാക്ഷ്യപത്രവും വിതരണം ചെയ്തു വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്‍ വഴി നടപ്പിലാക്കുന്നു.

(9) <u>വികലാംഗ ദുരിതാശ്വാസ നിധി</u>

പ്രതിവര്‍ഷം ഗ്രാമ പ്രദേശങ്ങളില്‍ ഉള്ളവര്‍ക്ക് 20,000/- രൂപ നഗര പ്രദേശങ്ങളില്‍ 22,375/- രൂപയില്‍ താഴെ വരുമാനമുള്ള ശാരീരിക വെല്ലുവിളി നേരിടുന്നവര്‍ക്ക് ചികിത്സാ ധനസഹായമായി പരമാവധി 5,000/- രൂപ അനുവദിക്കുന്നു.

(10) <u>വിവാഹ ധനസഹായം</u>

വാര്‍ഷിക വരുമാനം 36,000/- രൂപയില്‍ താഴെയുള്ള ശാരീരിക വെല്ലുവിളി നേരിടുന്ന സ്ത്രീകള്‍ക്കും ശാരീരിക വെല്ലുവിളി നേരിടുന്നവരുടെ പെണ്‍മക്കള്‍ക്കും വിവാഹ ധനസഹായമായി 10,000/- രൂപ നല്‍കി വരുന്നു.

(11) <u>ശാരീരികമായി വെല്ലുവിളി നേരിടുന്നവര്‍ക്ക് ഉപകരണങ്ങള്‍ വാങ്ങിക്കുന്നതിനും നിര്‍മ്മിക്കുന്നതിനുമുള്ള സഹായം. (ADiP)</u>

ശാരീരികമായി വെല്ലുവിളി നേരിടുന്നവര്‍ക്കുള്ള പ്രത്യേക ഉപകരണങ്ങള്‍ വിതരണം ചെയ്യുന്ന ചാരിറ്റബിള്‍ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റര്‍ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകള്‍ക്ക് നല്‍കുന്നു. കേന്ദ്ര സര്‍ക്കാരിന്റെ ധനസഹായം നല്‍കുന്നതിന് വകുപ്പ് വഴി അപേക്ഷകള്‍ ശുപാര്‍ശ ചെയ്ത് സര്‍ക്കാരിലേക്ക് നല്‍കി വരുന്നു.

(12) <u>വൊക്കേഷണല്‍ ട്രെയിനിംഗ് സെന്ററുകള്‍</u>

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവര്‍ക്ക് വിവിധ ട്രേഡുകളില്‍ തൊഴില്‍ പരിശീലനം നല്‍കുന്നതിനായി വകുപ്പിന്‍ കീഴില്‍ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളില്‍ രണ്ട് തൊഴില്‍ പരിശീലന കേന്ദ്രങ്ങള്‍ പ്രവര്‍ത്തിച്ചു വരുന്നു.

(13) <u>വികലാംഗ അവാര്‍ഡ്.</u>

സര്‍ക്കാര്‍ പൊതുമേഖല സ്വകാര്യ രംഗങ്ങളില്‍ കാര്യക്ഷമമായി ജോലി ചെയ്യുന്ന വികലാംഗര്‍ക്ക് 10,000/- രൂപ ക്യാഷ് അവാര്‍ഡും പ്രശംസി പത്രവും സംസ്ഥാന തലത്തില്‍ നല്‍കുന്നു.

വികലാംഗര്‍ക്ക് കൂടുതല്‍ തൊഴില്‍ അവസരങ്ങള്‍ നല്‍കുന്ന സ്ഥാപനങ്ങള്‍ക്ക് 5,000/- രൂപ ക്യാഷ് അവാര്‍ഡും പ്രശംസി പത്രവും സംസ്ഥാന തലത്തില്‍ നല്‍കുന്നു.

വികലാംഗ ക്ഷേമ രംഗത്ത് പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങള്‍ക്കും തൊഴില്‍ രംഗത്ത് മെച്ചപ്പെട്ട പ്രവര്‍ത്തനം കാഴ്ചവയ്ക്കുന്ന വികലാംഗര്‍ക്കും നല്‍കുന്ന ദേശീയ അവാര്‍ഡിനുള്ള അപേക്ഷകള്‍ ശുപാര്‍ശ ചെയ്ത കേന്ദ്ര ഗവണ്‍മെന്റിന് നല്‍കുന്നു.

14) വികലാംഗക്ഷേമ സ്ഥാപനങ്ങൾ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പുനരധിവാസം ലക്ഷ്യമാക്കി വകുപ്പിൻ കീഴിൽ സംസ്ഥാനത്തുടനീളമായി 18 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

a) ആലപ്പുഴയിലും കണ്ണൂരും ഓരോ ബാലവികലാംഗ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

b) വികലാംഗരായ സ്ത്രീകൾക്ക് വേണ്ടി എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലും പുരുഷന്മാർക്കുമായി കോഴിക്കോടും വികലാംഗ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

c) മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്ക് വേണ്ടി തൃശ്ശൂരിലും പുരുഷന്മാർക്കായി മലപ്പുറത്തും കുട്ടികൾക്കായി കോഴിക്കോട്ടും ഓരോ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

d) മാനസിക രോഗ വിമുക്തി നേടി ആരാലും സംരക്ഷണം ലഭിക്കാത്തതുമായ സ്ത്രീകൾക്ക് വേണ്ടി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലും പുരുഷന്മാർക്ക് വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും ഓരോ സ്ഥാപനങ്ങൾ ആശാഭവൻ എന്ന പേരിൽ പ്രവർത്തിക്കുന്നു.

e) ആലപ്പുഴ, ഇടുക്കി, പാലക്കാട്, വയനാട് എന്നീ നാല് ജില്ലകളിൽ ഓരോ വൃദ്ധ വികലാംഗ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു.

Mary Melani Rek
S.O